## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *11 | 28.10.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃവന്ദന യോജന** | |
| ചോദ്യം | മറുപടി |
| **ശ്രീ. എം. സ്വരാജ്**<br>**" എ. പ്രദീപ്കുമാർ**<br>**" എസ്.രാജേന്ദ്രൻ**<br>**" കെ. ബാബു.** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ മാതൃവന്ദന യോജന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) പി.എം.എം.വി.വൈ ഗുണഭോക്താക്കളായ സ്ത്രീകൾക്ക് ധന സഹായം നൽകുന്നത് മുഖേന, ആദ്യ സജീവ പ്രസവത്തോടനുബന്ധിച്ച് ഉണ്ടാകുന്ന വേതന നഷ്ടം ഭാഗീകമായി നികത്തുന്നതിനും ആദ്യ കുഞ്ഞിന്റെ ജനനത്തിനു മുമ്പും, അതിനു ശേഷവും ആവശ്യമായ വിശ്രമം ലഭിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ പിഎംഎംവിവൈ-യുടെ ആനുകൂല്യം ലഭ്യമാകുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് സഹായിക്കുന്നു. |
| (സി) ഇതിന്റെ നടത്തിപ്പിനായി സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) പിഎംഎംവിവൈ-യ്ക്കായി സംസ്ഥാന വിഹിതമായി ചുവടെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>വർഷം — സംസ്ഥാന വിഹിതം അനുവദിച്ചത് (Rs)<br>2018-19 — 48,60,06,000/-<br>2019-20 — 7,13,17,333/-<br>ആകെ — 55,73,23,333/- |
| (ഡി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് അമ്മമാർക്ക് | (ഡി) ഗുണഭോക്താക്കൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം 3 |

<table>
<tr>
<td>ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?</td>
<td>ഗഡുക്കളായി ആകെ 5000/- രൂപ (അയ്യായിരം രൂപ മാത്രം) ഗുണഭോക്താവിന്റെ ആധാർ സീഡഡ് അക്കൗണ്ടിൽ DBT ചെയ്യപ്പെടുന്നു.
<table>
<tr><th>ഗഡു</th><th>നിബന്ധന</th><th>ആനുകൂല്യം (Rs)</th></tr>
<tr><td>1</td><td>ഗർഭാവസ്ഥ രജിസ്ട്രേഷൻ</td><td>1,000/-</td></tr>
<tr><td>2</td><td>ഗർഭാവസ്ഥ 6 മാസം പിന്നിടുകയും ഒരു ANC എങ്കിലും പൂർത്തിയാക്കുകയും ചെയ്ത ശേഷം</td><td>2,000/-</td></tr>
<tr><td>3</td><td>ജനനം രജിസ്റ്റർ ചെയ്യണം കുഞ്ഞിന് ആദ്യ ഘട്ട ബിസിജി, ഒപിവി, ഡിപിറ്റി, ഹെപ്പറ്റൈറ്റിസ്-ബി അല്ലെങ്കിൽ തത്തുല്യമായ കുത്തി വെയ്പ്പ് നൽകണം.</td><td>2,000/-</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ